**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6676** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഗ്രാമവണ്ടി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവണ്ടി പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നും അപേക്ഷയിൽ ഏതുതരം വാഹനമാണ് സർവ്വീസ് നടത്തുകയെന്ന സൂചനയുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) | ഗ്രാമവണ്ടി പദ്ധതിയുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. നിലവിൽ ടി പദ്ധതി പ്രകാരം അപേക്ഷകളൊന്നും തന്നെ ക്ഷണിച്ചിട്ടില്ല. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് പുറമെ ജനവാസം കുറഞ്ഞതും ഇടുങ്ങിയതുമായ റൂട്ടുകളിൽ 18 സീറ്റുകൾ, 34 സീറ്റുകൾ ഉള്ള ബസ്സുകൾ കെ.എസ്.ആർ.ടി.സി ലഭ്യമാക്കി ഓടിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭമായി ഏതെങ്കിലും റൂട്ടിൽ സർവീസ് നടത്തുകയുണ്ടായോ; സ്വീകരിക്കുന്ന പ്രാരംഭ നടപടികൾ വിശദമാക്കുമോ; | (ബി) | ഗ്രാമവണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു റൂട്ടിലും നിലവിൽ സർവീസ് നടത്തിയിട്ടില്ല. പ്രധാനമായും സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്ന ഗ്രാമവണ്ടി പദ്ധതി സംബന്ധിച്ച് സർക്കാർ നിരവധി ഉന്നതതല ചർച്ചകൾ നടത്തുകയും തുടർ നടപടികൾക്കായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് എത്രയും വേഗം ഈ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | എം.എൽ.എ.മാർക്ക് ഗ്രാമവണ്ടിയ്ക്കായി ഫണ്ട് വിനിയോഗിക്കുന്നതിന് ധനകാര്യവകുപ്പുമായി ആലോചന നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) | ധനകാര്യവകുപ്പുമായി ആലോചന നടത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ വരുന്ന സാമ്പത്തിക ചെലവുകൾ സംബന്ധിച്ച് തീരുമാനമാകുന്ന ഘട്ടത്തിൽ ധനകാര്യ വകുപ്പുമായി ആലോചന നടത്തുന്നതാണ്. |
| (ഡി) | ജനപ്രതിനിധികൾ ശിപാർശ ചെയ്യുന്ന സർവ്വീസിന് പേര് പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) | ഗ്രാമവണ്ടി സ്പോൺസർ ചെയ്യുന്ന വ്യക്തിയുടേയോ ജനപ്രതിനിധിയുടെയോ സ്ഥാപനത്തിന്റെയോ പേര് ബസ്സിൽ പ്രദർശിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ഇ) | ഗ്രാമങ്ങളിലേക്ക് കൂടുതൽ സർവ്വീസ് എന്ന രീതിയിൽ ഗ്രാമവണ്ടി പദ്ധതി എത്രമാത്രം | (ഇ) | ഈ പദ്ധതി ഗ്രാമീണ മേഖലയിൽ വളരെയധികം പ്രയോജനപ്രദമാകുമെന്ന വിലയിരുത്തിയതിന്റെ |

| | | | |
|---|---|---|---|
| | പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | അടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലേയ്ക്കും, സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലേയ്ക്കും പൊതുഗതാഗത സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ കൂടുതൽ ബാദ്ധ്യത ഏറ്റെടുത്ത് ജനവാസം കുറഞ്ഞ ഒറ്റപ്പെട്ട മേഖലകളിലേയ്ക്ക് കൂടുതൽ സർവ്വീസ് വ്യാപിപ്പിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. പ്രസ്തുത സ്ഥലങ്ങളിലേയ്ക്ക് ജനകീയ പ്രതിബദ്ധത മുൻനിർത്തി പൊതുഗതാഗതം ലഭ്യമാക്കണം എന്ന ഉദ്ദേശത്തോടു കൂടിയാണ് ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ